പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1534 | 31-01-2018-ലെ മറുപടിയ്ക്ക്

## ഓഖി ദുരന്തവും കൃഷിനാശവും

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ. ശശി** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ് മൂലം കാർഷികമേഖലയിലുണ്ടായ ദുരന്തവും കൃഷിനാശവും സംബന്ധിച്ച് കൃഷി വകുപ്പിന്റെ വിലയിരുത്തൽ വ്യക്തമാക്കുമോ; (ബി) ഇതുമൂലം ഏതെല്ലാം കാർഷിക വിളകളിൽ നഷ്ടമുണ്ടായി എന്നും എത്ര കർഷകരെ ബാധിച്ചു എന്നും വകുപ്പ് കണക്കാക്കിയ നഷ്ടം എത്ര എന്നും ഇത് കാർഷികമേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചു എന്നും ഉള്ള വകുപ്പിന്റെ നിരീക്ഷണങ്ങൾ എന്താണ് എന്നും വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ് മൂലം കാർഷിക മേഖലയിൽ വളരെയധികം കൃഷിനാശം ഉണ്ടായി. 14.07 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതായിട്ടാണ് പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, പച്ചക്കറി, കുരുമുളക്, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ഇതിനു പുറമെ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ തീരപ്രദേശത്തിനകത്തേക്ക് വ്യാപകമായി കടൽ വെള്ളം കയറിയതിനെ തുടർന്ന് കാർഷിക വിളകൾക്ക് ദൂരവ്യാപകമായ നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (സി) ഇവരെ സഹായിക്കാനായി എത്ര തുകയുടെ എന്തെല്ലാം കേന്ദ്ര സഹായം അഭ്യർത്ഥിച്ചു എന്നും എന്തു ലഭിച്ചു എന്നും വിശദാംശം ലഭ്യമാക്കുമോ; | (സി) | ഓഖി ദുരന്തത്തിൽ കൃഷി നാശം ഉണ്ടായവരെ സഹായിക്കാനായി 10.75 കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചു. |
| (ഡി) കൃഷിവകുപ്പ് ആവശ്യപ്പെട്ട കേന്ദ്ര സഹായം ലഭ്യമായില്ലെങ്കിലും ദുരന്തത്തിന് വിധേയരായ കർഷകരെ സഹായിക്കാനായി വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാർഷിക വിളകൾ ഇൻഷ്വർ ചെയ്ത കർഷകരിൽ ഓഖി ചുഴലിക്കാറ്റ് മൂലം കൃഷി നാശം സംഭവിച്ചവർക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1

| SL. NO. | DISTRICT | Total area affected(ha) | No of farmers affected | ESTIMATED LOSS (Rs) | Remarks |
|---|---|---|---|---|---|
| PRELIMINARY REPORT ON DISTRICT WISE CROP DAMAGE DUE TO OCKHI 2017 Report as on 17.12.2017 | | | | | |
| 1 | Thiruvananthapuram | 676.9 | 13206 | 12184200 | |
| 2 | Kollam | 460.5 | 128 | 8289000 | |
| 3 | Pathanamthitta | 135.03 | 0 | 2430540 | |
| 4 | Alappuzha | 122.7 | 714 | 2208600 | |
| 5 | Kottayam | 264.8 | 813 | 4766400 | |
| 6 | Idukki | 600.3 | 1808 | 10805400 | |
| 7 | Ernakulam | 165.9 | 0 | 2986200 | |
| 8 | Trissur | 285 | 0 | 5130000 | |
| 9 | Palakkad | 3737.8 | 413 | 67280400 | |
| 10 | Malappuram | 1190.5 | 250 | 21429000 | |
| 11 | Kozhikode | 10.3 | 0 | 185400 | |
| 12 | Wayanad | 143.3 | 0 | 2579400 | |
| 13 | Kannur | 11.8 | 0 | 212400 | |
| 14 | Kasaragod | 12.6 | 91 | 226800 | |
| | | 7817.43 | 17423 | 14,07,13,740 | |

സെക്ഷൻ ഓഫീസർ